പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1106

25.01.2018-ൽ മറുപടിയ്ക്ക്

## എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തിനു മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ :<br>ശ്രീ.വി.എസ്.ശിവകുമാർ: | ശ്രീ.റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ മന്ത്രി) |
| (എ) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. എന്നാൽ എക്സൈസ് വകുപ്പിലെ സ്പെഷ്യൽ യൂണിറ്റിൽ കേരള എക്സൈസ് & പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 10 പ്രകാരം സീനിയോറിറ്റി അനുസരിച്ച് കുറഞ്ഞത് 3 വർഷം ജോലി നോക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ എക്സൈസ് ചെക്ക്പോസ്റ്റുകളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അഴിമതി |

| | | | |
|---|---|---|---|
| | | | വിമുക്തമാക്കുന്നതിനും എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ കേഡറിലെ ഉദ്യോഗസ്ഥരുടെ ചെക്ക്പോസ്റ്റ് ഡ്യൂട്ടി കാലാവധി 6 മാസമായി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഒന്നിൽകൂടുതൽ ചെക്ക്പോസ്റ്റ് ഉള്ള ജില്ലകളിൽ സിവിൽ എക്സൈസ് ഓഫീസർ, പ്രിവന്റീവ് ഓഫീസർ കേഡറിലെ ഉദ്യോഗസ്ഥരെ 3 മാസത്തിൽ കൂടുതൽ ഒരു ചെക്ക്പോസ്റ്റിൽത്തന്നെ ജോലി നോക്കാൻ അനുവദിക്കുന്നതല്ല. ആയതിനാൽ ഒരു ടേൺ ഡ്യൂട്ടി പൂർത്തിയാക്കുന്നവരെ അടുത്ത 3 മാസത്തിൽ മറ്റൊരു ചെക്ക് പോസ്റ്റിൽ മാറ്റി നിയമിക്കുന്നതാണ്. |
| (ബി) | എക്സൈസ് വകുപ്പിൽ പ്രിവന്റീവ് ഓഫീസർ/എക്സൈസ് ഇൻസ്പെക്ടർ കേഡറിൽ ബോർഡ് യൂണിറ്റിൽ 3 വർഷം പൂർത്തിയാക്കാത്തവരെ സ്ഥലം | (ബി) | പ്രിവന്റീവ് ഓഫീസർമാരെ സ്ഥലം മാറ്റിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഇപ്രകാരം നടത്തിയ സ്ഥലം മാറ്റങ്ങളുടെ വിശദാംശം നൽകുമോ ; | | |
| (സി) | എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങൾക്ക് എക്സൈസ് വകുപ്പിലെ ജില്ലാ ഓഫീസർമാരുടെ അഭിപ്രായങ്ങൾ പരിഗണിക്കാറുണ്ടോ ; | (സി) | ഉണ്ട് |
| (ഡി) | എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ സ്ഥലം മാറ്റത്തിന് ബോർഡ് സർവ്വീസ് നിഷ്കർഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇല്ല |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നമ്പർ | പേര് | തസ്തിക | നിലവിൽ ജോലി നോക്കിയിരുന്ന ഓഫീസ് | സ്ഥലംമാറ്റം ചെയ്യപ്പെട്ട ഓഫീസ് |
|---|---|---|---|---|
| 1 | യു.പി.മുരളീധരൻ | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) | എക്സൈസ് ഡിവിഷൻ ഓഫീസ്, കണ്ണൂർ | എക്സൈസ് ഡിവിഷൻ, കണ്ണൂർ |
| 2 | എം.ബൈജു | പ്രിവന്റീവ് ഓഫീസർ | ജോയിന്റ് എക്സൈസ് കമ്മീഷണർ, ദക്ഷിണമേഖല | എക്സൈസ് ഡിവിഷൻ ആലപ്പുഴ |
| 3 | എസ്.അക്ബർ | പ്രിവന്റീവ് ഓഫീസർ. | ജോയിന്റ് എക്സൈസ് കമ്മീഷണർ, ദക്ഷിണമേഖല | എക്സൈസ് ഡിവിഷൻ ആലപ്പുഴ |
| 4 | റ്റി.രാജേഷ് | പ്രിവന്റീവ് ഓഫീസർ. | എക്സൈസ് കമ്മീഷണറേറ്റ് | എക്സൈസ് ഡിവിഷൻ കണ്ണൂർ. |
| 5 | കെ.കെ.അരുൺ | പ്രിവന്റീവ് ഓഫീസർ. | O/o അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഇ.ഐ & ഐ.ബി, മദ്ധ്യമേഖല | എക്സൈസ് ഡിവിഷൻ, എറണാകുളം |

**എക്സൈസ് ഇൻസ്പെക്ടർ കേഡറിൽ ബോർഡ് യൂണിറ്റിൽ 3 വർഷം പൂർത്തിയാക്കാത്തവരെ സ്ഥലം മാറ്റിയിട്ടില്ല.**

സെക്ഷൻ ഓഫീസർ